**Series ΣHEFG/C**

**Set-4**

प्रश्न-पत्र कोड
**Q.P. Code** **12**

रोल नं.
Roll No.

परीक्षार्थी प्रश्न-पत्र कोड को उत्तर-पुस्तिका के मुख-पृष्ठ पर अवश्य लिखें ।
Candidates must write the Q.P. Code on the title page of the answer-book.

# മലയാളം
# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* *ആകെ മാർക്ക് : 80*

*Time allowed : 3 hours* *Maximum Marks : 80*

- ചോദ്യപേപ്പറിൽ അച്ചടിച്ച **15** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ **7** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **15** printed pages.
- Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **7** questions.
- **Please write down the serial number of the question in the answer-book before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

**General Instructions :**

(i) *The question paper is divided into two sections.*

(ii) ***Section A :*** *Objective (MCQ) questions.* *40 marks*

(iii) ***Section B :*** *Descriptive questions.* *40 marks*

## എ വിഭാഗം / SECTION A

**1.** തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് ഏതെങ്കിലും ആറ് ചോദ്യങ്ങൾകുള്ള ഉത്തരം എഴുതുക. *6×1=6*

ഉത്തരമലബാറിൽ സാധാരണജനങ്ങളുടെ യിടയിൽ ആഴത്തിൽ വേരോട്ടമുള്ള കലയും അനുഷ്ഠാനവുമാണ് തെയ്യം. മദ്ധ്യതിരുവിതാം കൂറിലെ പടയണിക്ക് ഗ്രാമതലങ്ങളിലുള്ള സ്വാധിനത്തിന് തുല്യമായ സ്ഥാനമാണ് തെയ്യത്തിന് ഉത്തരകേരളത്തിലുള്ളത്. ഗ്രാമഹൃദയങ്ങളിൽ തെയ്യം, ഇപ്പോഴും കലയല്ല. ആരാധനയാണ്. തെയ്യത്തിൽ ആൺകോലങ്ങളും പെൺകോലങ്ങളും പ്രത്യേകരീതിയിലാണ് മുഖം എഴുതുക. മഷി, ചാന്ത്, അരി, ചുണ്ണാമ്പ്, മഞ്ഞൾപ്പൊടി, ചായില്യം, മനയോല എന്നിവയാണ് അസംസ്കൃതവസ്തുകൾ. ചില തെയ്യക്കോലങ്ങൾ ഉടലിൽ പഞ്ഞിപിടിപ്പിക്കും 'ചിലത്' ചാന്ത് അണിഞ്ഞ ശേഷം മലർ, പച്ചരി എന്നിവ ശരീരത്തിൽ എറിഞ്ഞ് പിടിപ്പിക്കും. ചില തെയ്യങ്ങൾ കനലാട്ടം നടത്തും. തെയ്യം കെട്ടലിന്റെ ആദ്യാചടങ്ങ് വെള്ളാട്ട് ആണ്. ഇതിന് മൂന്ന് ഘടകങ്ങൾ ഉണ്ട്. വെള്ളാട്ട്, വെള്ളക്കെട്ട്, തിറ-ചിലപ്പോൾ വെള്ളാട്ടും തിറയും മാത്രമേ ഉണ്ടാവു. ഇഷ്ടമൂർത്തിയുടെ ചെറുപ്പകാലമാണ് വെള്ളാട്ടിൽ സ്മരിക്കുക. ചെറിയമുടിയും മാലയും പട്ടുടുപ്പും ആണ് ധരിക്കുക. ചെണ്ടയുടെയും ഇലത്താളത്തിന്റെയും താളത്തിനനുസരിച്ച് വെള്ളാട്ടുകെട്ടിയആൾ നൃത്തം ചെയ്യും. അപ്പോൾ മറ്റൊരാൾ തോറ്റമോ, അഞ്ചടിയോ ചൊല്ലും. പഴയ നാടോടിപ്പാട്ടുകളുടെ

ആമുഖമാണ് അഞ്ചടികൾ. തെയ്യത്തിൽ പലതാളത്തിലാണ് നൃത്തം. ചവിട്ടുതാളം, മുക്കണ്ണിത്താളം, ചാമുണ്ഡിത്താളം എന്നിവ ഉദാഹരണങ്ങളാണ്. കോലത്തിരി, കുറുമ്പ്രനാട്, അള്ളട തുടങ്ങി ഉത്തര മലബാറിലെ സ്വരൂപങ്ങളാണ് തിറയെ പ്രോത്സാഹിപ്പിച്ചത്. മിക്ക തെയ്യങ്ങൾക്കും പൂർവ്വ രംഗമായി തോറ്റം ഉണ്ടാവും. എല്ലാതെയ്യങ്ങളും പട്ടുടുക്കും. തെയ്യംകെട്ടി ആടുന്നതിന് അനുവാദം വാങ്ങുന്ന ചടങ്ങാണ് കൊടിയില വാങ്ങൽ. തെയ്യം ആടി അവസാനിക്കുന്നതിനെ ആത്മംകൊടുക്കുക എന്നാണ് പറയുക. തെയ്യത്തിന്റെ നൃത്തത്തിലെ കലാശങ്ങൾ നിരന്തരമായ അഭ്യസനം കൊണ്ടേ വഴങ്ങൂ. എടുത്തുകലാശം, ചവിട്ടിക്കലാശം, കൊട്ടിക്കലാശം എണിവയാണ് കലാശങ്ങൾ - തെയ്യത്തിന്റെ തുടക്കം ആയ കേളി 'തുടങ്ങൽ' എന്നറിയുന്നു. പിണീട് തോറ്റത്തിനുനില്പാണ്. തെയ്യക്കാരൻ കച്ചകെട്ടി സഹായികൾക്കൊപ്പം പതിഞ്ഞതാളത്തിൽ കൊട്ടിപ്പാടുന്നതാണ് തോറ്റത്തിനു നില്പ്. ഇത് കഥകളിയിലെ തോടയത്തിനു സമാനമാണ്.

**ചോദ്യങ്ങൾ :**

(i) തെയ്യം സാധാരണയായി എവിടെയാണ് അരങ്ങേറുന്നത് ?

(a) മദ്ധ്യകേരളത്തിൽ

(b) മദ്ധ്യതിരുവിതാംകൂറിൽ

(c) തെക്കൻ കേരളത്തിൽ

(d) ഉത്തരകേരളത്തിൽ

(ii) തെയ്യം കെട്ടലിന്റെ ആദ്യചടങ്ങ് ഏതാണ് ?

(a) വെള്ളാട്ട് (b) തിറയാട്ടം

(c) കനലാട്ടം (d) തീയാട്ടം

(iii) വെള്ളാട്ടിൽ സ്മരിക്കുന്നത് എന്ത് ?

(a) ഇഷ്ടമൂർത്തിയുടെ യൗവനകാലം

(b) ഇഷ്ടമൂർത്തിയുടെ ചെറുപ്പകാലം

(c) ഇഷ്ടമൂർത്തിയുടെ മത്സരവിശേഷങ്ങൾ

(d) ഇഷ്ടമൂർത്തിയുടെ വീരകഥകൾ

(iv) എന്തിനെയാണ് അഞ്ചടികൾ എന്നുവിളിക്കുന്നത് ?

(a) തോറ്റം പാട്ട്

(b) ചവിട്ടുതാളം

(c) നാടോടിപ്പാട്ടു കളുടെ ആമുഖം

(d) മുക്കണ്ണിത്താളം

(v) ഏതാണ് തെയ്യം കെട്ടാൻ അനുവാദം വാങ്ങുന്ന ചടങ്ങ് ?

(a) കൊടിയിലവാങ്ങൽ (b) ചവിട്ടിക്കലാശം

(c) വെള്ളക്കെട്ട് (d) തോറ്റം

(vi) കഥകളിയിലെ തോടയത്തിനു സമാനമായ തെയ്യത്തിലെ ചടങ്ങേത് ?

(a) കച്ചകെട്ടൽ (b) കൊട്ടിക്കലാശം

(c) തോറ്റത്തിനുനില്പ് (d) എടുത്തുകലാശം

(vii) 'ആത്തം കൊടുക്കുക' എന്ന പ്രയോഗം ഏതിനാണ് ഉപയോഗിക്കുന്നത് ?

(a) ആടിത്തിമർക്കുന്നതിന്

(b) ആടിത്തുടങ്ങുന്നതിന്

(c) ആടിത്തുവസാനിക്കുന്നതിന്

(d) ആട്ടത്തിന്റെ മദ്ധ്യാവസ്ഥയ്ക്ക്

**2.** ഏതെങ്കിലും ***നാല്*** ചോദ്യങ്ങൾക്ക് ശരിയുത്തരം എഴുതുക : *4×1=4*

(i) അവർണ്യവസ്തുവിന് അലങ്കാര ശാസ്ത്രത്തിൽ പറയുന്ന പേരെന്ത് ?

(a) ഉപമേയം (b) ഉപമാനം

(c) ഉപമിതം (d) ഉപമാവാചകം

(ii) താഴെപറയുന്നവയിൽ ഉൽപ്രേക്ഷാ വിഭാഗത്തിൽ വിഷയമായി വരാത്തത് ഏതാണ് ?

(a) ഫലം (b) ഹേതു

(c) ധർമ്മം (d) ലുപ്തം

(iii) ഉൽപ്രേക്ഷയിൽ ഉപമാനത്തിന്റെ പ്രത്യേകതയെന്താണ് ?

(a) മനോഹരമായിരിക്കും

(b) കവികല്പിതമായിരിക്കും

(c) വാസ്തവമായിരിക്കും

(d) പ്രശസ്തമായിരിക്കും

(iv) ധർമ്മ്യുൽപ്രേക്ഷയുടെ മറ്റൊരു പേരെന്ത് ?

(a) വസ്തുൽപ്രേക്ഷ

(b) വാസ്തവോൽ പ്രേക്ഷ

(c) വാസരോൽപ്രേക്ഷ

(d) വസ്തുതോൽപ്രേക്ഷ

(v) 'വാരുണീസേവയാലല്ലോ

വാസരേശൻ പതിച്ചിതേ'

എന്ന വരികളിൽ ഏത് ഉൽപ്രേക്ഷയാണുള്ളത് ?

(a) ഫലം (b) ഹേതു

(c) ധർമ്മം (d) ധർമ്മി

**3.** ഏതെങ്കിലും ***അഞ്ച്*** ചോദ്യങ്ങക്ക് ശരിയുത്തരം എടുത്തെഴുതുക : *5×1=5*

(i) എഴുത്തച്ഛൻ കൃതികളിലെ പ്രധാനരസം ഏതാണ് ?

(a) വീരം (b) ഭക്തി

(c) കരുണം (d) ശാന്തം

(ii) താഴെകൊടുത്തിരിക്കുന്നതിൽ ദയാഭായി എഴുതിയ കൃതി ഏത് ?

(a) പച്ചവിരൽ (b) ദൈവദശകം

(c) ചിന്താവിഷ്ടയായസീത (d) എഴുത്തച്ഛനെഴുതുമ്പോൾ

(iii) കഥകളിയുടെ സാഹിത്യരൂപം ഏതാണ് ?

(a) ദണ്ഡകം

(b) പദം

(c) ശ്ലോകം

(d) ആട്ടക്കഥ

(iv) വേഴാമ്പലിനെപ്പോലെ മാനം നോക്കിയിരുന്ന കാട്ടാളനോട് മാനത്തിന്റെ പ്രതികരണ മെന്തായിരുന്നു ?

(a) കാരുണ്യം (b) രോഷം

(c) മൗനം (d) പരിഹാസം

(v) താഴപറയുന്നവയിൽ തുള്ളൽ പ്രസ്ഥാനത്തിന്റെ വിഭാഗമല്ലാത്തത് ഏത് ?

(a) ഓട്ടൻ (b) പറയൻ

(c) ശീതങ്കൻ (d) കോലൻ

(vi) എന്തിനുള്ള ദാഹം പെരുകിയാണ് കാട്ടാളൻ മാന്തോപ്പുകളുരുകും മണ്ണിലിരുന്നത് ?

(a) ഭ്രാന്തസ്നേഹത്തിന് (b) മഴനീരിന്

(c) കാരുണ്യത്തിന് (d) പ്രതികാരത്തിന്

**4.** ഏതെങ്കിലും ***അഞ്ചെണ്ണത്തിന്*** ശരിയുത്തരമെഴുതുക : *5×1=5*

(i) ഒരു ഭയം മാത്രമാണ് അയാളെ നിരുൽസാഹപ്പെടുത്തിയത് - ഏതു ഭയം ?

(a) ഛായാപടം തിരിച്ചറിയാനാകുമോ എന്നഭയം

(b) കുട്ടികൾതന്നെ കാണുമോ എന്നഭയം

(c) കച്ചവടക്കാരന് മടുപ്പ് തോന്നുമോഎന്ന ഭയം

(d) ഛായാപടം കടയിൽ ലഭിക്കുമോ എന്ന ഭയം

(ii) "പെൺഗൗളി ആത്മനിന്ദയോടെ തലതല്ലി" - എന്തിന് ?

(a) ബുദ്ധനെകുറിച്ച് കേട്ടപ്പോൾ

(b) സന്ദർശകയുടെപെരുമാറ്റം കണ്ടപ്പോൾ

(c) മുജ്ജന്മത്തെ ക്കുറിച്ച് ഓർമ്മവരാതിരുന്നപ്പോൾ

(d) യുവാവ് മരിച്ചപ്പോൾ

(iii) പത്മരാജൻ എഴുതിയനോവൽ ഏതാണ് ?

(a) കരിയിലക്കാറ്റുപോല (b) പ്രയാണം

(c) പ്രഹേളിക (d) പ്രതിമയും രാജകുമാരിയും

(iv) നവമാധ്യമങ്ങൾ - ശക്തിയും സാധ്യതയും എന്ന ലേഖനത്തിന്റെ കർത്താവ് ആര് ?

(a) വി.കെ. ആദർശ് (b) വി.കെ. എൻ

(c) വി.കെ. സന്ദേശ് (d) വി.കെ. ആകാശ്

(v) ഗ്രേസിയുടെ ആദ്യചെറുകഥാസമാഹാരം ഏത് ?

(a) കാവേരിയുടെ നേര് (b) പനിക്കണ്ണ്

(c) ഭ്രാന്തൻപൂക്കൾ (d) പടിയിറങ്ങിപ്പോയ പാർവതി

(vi) ഈ ഡിജിറ്റൽ കാലത്ത് നഷ്ടപ്പെടുന്നതെന്താണ് ?

(a) സാമൂഹ്യബോധം (b) വ്യക്തിസ്വകാര്യത

(c) സംഘടിക്കാനുള്ള കഴിവ് (d) പ്രതികരണ ശേഷി

**5.** തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന്റെ ശരിയുത്തരങ്ങൾ എഴുതുക. (ഓരോന്നിനും ഓരോ മാർക്കവീതം) : *5×2=10*

(A) "അന്നാദിപാകസംഭാരം സ്വാമിനിയോഗാൽ വന്നതുകണ്ടേൻ"

(i) ആരാണ് കണ്ടത് ?

(a) ദമയന്തി (b) കേശിനി

(c) ബാഹുകൻ (d) ബ്രാഹ്മണൻ

(ii) ഇവിടെ സ്വാമി ആര് ?

(a) ഋതു പർണൻ (b) നളൻ

(c) പുഷ്കരൻ (d) ഭീമരാജാവ്

(B) "കൊള്ളി വാക്കല്ലാതൊന്നും

ചൊല്ലുകയില്ലദ്ദേഹം" -

(i) ആര് ?

(a) ഉഗ്രസേനൻ (b) ഉഗ്രശീലൻ

(c) ഉഗ്രതപസ്സ് (d) സുതപസ്സ്

(ii) അദ്ദേഹത്തിന്റെ വംശം ഏതാണ് ?

(a) യാദവവംശം (b) രഘുവംശം

(c) ചന്ദ്രവംശം (d) ഭൃഗുവംശം

(C) "ഉലകാകെയുലയ്ക്കും മട്ടിൽ അലറീ കാട്ടാളൻ"

(i) എന്തുപോലെ ?

(a) ഈറ്റപ്പുലി (b) കരിമൂർഖൻ

(c) കണയേറ്റകരിമ്പുലി (d) കാകോളക്കടൽ

(ii) ഈകാട്ടാളസങ്കല്പത്തിന് പ്രേരകമായതെന്താണ് ?

(a) കാലൻകോലം (b) ഭൈരവിക്കോലം

(c) യക്ഷിക്കോലം (d) പക്ഷിക്കോലം

(D) “സുരസ്ത്രീ സമയായ കൗശിക പുത്രിയോടും”

(i) ആരാണിവിടെ കൗശികൻ ?

(a) വിശ്വാമിത്രൻ (b) കണ്വൻ

(c) ദുഷ്യന്തൻ (d) ഭരതൻ

(ii) ഈ വാക്കുകൾ ആരുടെയാണ് ?

(a) ബ്രഹ്മാവ് (b) ദേവേന്ദ്രൻ

(c) അശരീരി (d) വിശ്വകർമ്മാവ്

(E) “എന്റെ ചോദ്യത്തിനുത്താരം കിട്ടിയില്ല” -

(i) ആരുടെ ചോദ്യം ?

(a) പെൺഗൗളി (b) യുവതി

(c) സന്ദർശക (d) യുവാവ്

(ii) എന്തായിരുന്നു ആചോദ്യത്തിന്റെ ഉത്തരം ?

(a) കിശോരിലാൽ ഡോക്ടറാണ്

(b) പൊൻകന്നം വർക്കിയാണ് എഴുതിയത്

(c) മുജ്ജന്മത്തിൽ കഥാകൃത്തായിരുന്നു

(d) മമതയാണ് സർവ്വദുഃഖങ്ങൾക്കും കാരണം

(F) “എനിക്കറിയില്ല; ആരും കണക്കെടുത്തിട്ടില്ലെന്നുമാത്രം അറിയാം”

(i) ആരാണീവാക്കുകൾ പറയുന്നത് ?

(a) വഴിയാത്രക്കാരൻ

(b) കച്ചവടക്കാരൻ

(c) ദിവാകരൻ

(d) കേൾവിക്കാരൻ

(ii) എന്തിനെക്കുറിച്ചാണിവിടെ പരാമർശിക്കുന്നത് ?

(a) ഛായാപടങ്ങൾ (b) കടകൾ

(c) ദീപാലങ്കാരം (d) മരിച്ചവർ

**6.** തന്നിരിക്കുന്ന ചോദ്യങ്ങളിൽനിന്ന് ഏതെങ്കിലും രണ്ടെണ്ണത്തിന് ശരിയുത്തരങ്ങൾ കണ്ടെത്തി എഴുതുക (ഓരോന്നിനും ഒരോ മാർക്ക് വീതം) : *2×5=10*

(A) "മന്നിടത്തിങ്കലെന്നി നിനക്കു ചരിക്കാമോ"

(i) ആരോടാണീ ചോദ്യം ?

(a) വശ്വാമിത്രനോട് (b) ദുഷ്യന്തനോട്

(c) മേനകയോട് (d) ഭരതനോട്

(ii) ഈവാക്കുകളിൽ അടങ്ങിയ ഭാവം ഏത് ?

(a) പരിഹാസം (b) ആത്മനിന്ദ

(c) ആശ്ചര്യം (d) ആശ്വാസം

(iii) മന്നിടത്തിലല്ലാതെ ശകുന്തളയ്ക്ക് ചരിക്കാൻ കഴിയുന്നതിന്റെ കാരണം എന്തായിരിക്കാം ?

(a) കണ്വപുത്രിയായതുകൊണ്ട്

(b) ആശ്രമകന്യകയായതുകൊണ്ട്

(c) ദേവവംശജയായതുകൊണ്ട്

(d) ദുഷ്യന്തപത്നിയായതുകൊണ്ട്

(iv) ഏതുപ്രസ്ഥാനത്തിൽ പെട്ടതാണീ കാവ്യം ?

(a) വഞ്ചിപ്പാട്ട്

(b) മണിപ്രവാളം

(c) ഗാഥ

(d) കിളിപ്പാട്ട്

(v) കൃതിയിലെ ഏതുപർവ്വത്തിലാണീ സന്ദർഭം ?

(a) വനപർവ്വം

(b) സംഭവപർവ്വം

(c) ദ്രോണപർവ്വം

(d) ഭീഷ്മപർവ്വം

(B) “ദിവസങ്ങളായി ആ ചെറുപ്പക്കാരി ശങ്കിച്ചു കൊണ്ടിരുന്ന കാര്യത്തിൽ ഇപ്പോൾ തീർപ്പായി”

(i) ഏതുകാര്യത്തിലാണ് തീർപ്പായത് ?

(a) യുവാവിന്റെ മരണം

(b) യുവതിയുടെ അബോർഷൻ

(c) പെൺഗൌളിയുടെ ചാട്ടം

(d) മുജ്ജന്മത്തെക്കുറിച്ചുള്ള ബോധം

(ii) ഈ വാക്കുകൾ പറയുന്നതാരാണ് ?

(a) ആരതി

(b) പെൺഗൗളി

(c) ആൺഗൗളി

(d) സന്ദർശക

(iii) ശങ്ക തീർപ്പാവാനിടയായ സാഹചര്യമേത് ?

(a) ഡോക്ടറുടെ വരവ്

(b) അപകടം

(c) സന്ദർശകയുടെ പെരുമാറ്റം

(d) ഗൗളിയുടെ ചിലയ്ക്കൽ

(iv) ഏതുസമാഹാരത്തിലാണീ കഥയുള്ളത് ?

(a) ഏഴുപെൺകഥകൾ

(b) രണ്ട് സ്വപ്നദർശികൾ

(c) ഭ്രാന്തൻ പൂക്കൾ

(d) പനിക്കണ്ണ്

(v) ഈ കഥയുടെ ആഖ്യാനത്തിൽ മിന്നിമറയുന്ന ഭാവം ഏതാണ് ?

(a) അമർഷം (b) നിന്ദ

(c) സാന്ത്വനം (d) ഹാസ്യം

(C) "ഒരുകടയിൽകണ്ടത് വേറൊരുകടയിൽ കാണുകയില്ലല്ലോ അല്ലേ ?"

(i) ആരാണിങ്ങനെ ചോദിച്ചത് ?

(a) കുട്ടികൾ

(b) വഴിപോക്കൻ

(c) ദിവാകരൻ

(d) യുവാവ്

(ii) അതിനുകടക്കാരന്റെ മറുപടി എന്തായിരുന്നു ?

(a) അങ്ങനെ ഉറപ്പൊന്നുമില്ല

(b) കാണുമായിരിക്കില്ല

(c) അറിയില്ല

(d) ഒരിയ്ക്കലും കാണില്ല

(iii) ഏതുഭാവത്തോടെയാണ് കടക്കാരൻ ആ മറുപടി പറഞ്ഞത് ?

(a) നിർവ്വികാരത

(b) കണ്ണിറുക്കിക്കൊണ്ട്

(c) പരിഹാസം

(d) വികൃതമായ മന്ദഹാസം

(iv) അത് കേട്ട ദിവാകരന് എന്ത് തോന്നി ?

(a) സന്തോഷം

(b) പിരഭ്രമം

(c) ആശ്വാസം

(d) ഭയാശങ്ക

(v) ഈകഥയുടെ രചനാസങ്കേതം ഏതാണ് ?

(a) മിസ്റ്റിക്

(b) ഐറണി

(c) സറ്റയർ

(d) ഫാന്റസി

## ബി വിഭാഗം / SECTION B

**7.** ചുവടെ തന്നിരിക്കുന്ന രണ്ട് ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. *2×2=4*

(i) ഉൽപ്രേക്ഷ എന്ന അലങ്കാരത്തിന്റെ ലക്ഷണമെന്ത് ?
ഒരു ഉദാഹരണം എഴുതുക.

(ii) "കമലശ്രീഹരിപ്പാനോ
കരംനീട്ടുന്നു വെൺമതി"
ഈ വരികളിലെ അലങ്കാരം ഏത് ? എന്തുകൊണ്ട് ?

**8.** തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. *3×2=6*

(i) ഇന്റർനെറ്റ് വിവരപ്പുരകൾ സാധാരണ പൗരൻമാരെ എന്തിനെല്ലാം പ്രാപ്തരാക്കുന്നു ?

(ii) സ്വാന്തം ജാതകാദോഷത്തെപ്പറ്റി ശീലാവതി പരിതപിച്ചത് ഏതുസാഹചര്യത്തിലാണ് ?

(iii) എന്തെല്ലാം കാഴ്ചകളാണ് കേശിനി ഒളിച്ചുനിന്ന് കണ്ടത് ?

(iv) വെളിച്ചത്തെ പത്മരാജൻ തന്റെകഥയിൽ ഉൾപ്പെടുത്തിയിരിക്കുന്നവിധം എഴുതുക.

**9.** ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. *5×3=15*

(i) കാട്ടാളൻ എന്തെല്ലാം നഷ്ടങ്ങളെക്കുറിച്ചാണ് വിലപിക്കുന്നത് ?

(ii) എഴുത്തച്ഛന്റെ ഭാഷാരീതിയുടെ സവിശേഷതകൾ വിവരിക്കുക.

(iii) ഒരു കഥാപാത്രത്തെ സൃഷ്ടിയ്ക്കുന്നതിൽ തികഞ്ഞ ഔചിത്യബോധം പുലർത്തിയിരുന്നു ഉണ്ണായിവാര്യർ - കേശിനി എന്ന കഥാപാത്രത്തെ അടിസ്ഥാന മാക്കി വിവരിക്കുക.

(iv) സ്വയം നഷ്ടപ്പെടുന്ന ദിവാകരന്റെ വിഹ്വലതകൾ കഥാകൃത്ത് ആവിഷ്ക്കരിക്കുന്നതെങ്ങനെ ?

(v) നവമാധ്യമങ്ങളുടെ ഗുണ വശങ്ങൾ എഴുതുക.

(vi) ഗൗളിജന്മത്തിലെ സ്ത്രീപക്ഷ ചിന്തകൾ ക്രോഡീകരിച്ച് എഴുതുക.

**10.** താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ***ഏതെങ്കലും ഒന്നിന്*** ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. *1×5=5*

(i) അഭയം തേടുന്ന തുമ്പപ്പൂവ്, ഉത്സവകാലം എന്നീ അദ്ധ്യായങ്ങളിൽ തെളിഴുന്ന ഗ്രാമീണക്കാഴ്ചകളുടെ ചിത്രം വിവരിക്കുക.

**അഥവാ (OR)**

(ii) ഏതൊരു വ്യക്തിയുടെ ജീവിതത്തിലുമെന്ന പോലെ എം.ടി. യുടെ ജീവിതത്തിലും അമ്മയ്ക്കുള്ള സ്വാധീനം വലുതാണ് എന്ന് ഓർമ്മക്കുറിപ്പിനെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.

**11.** ഏതെങ്കിലും ഒരുവിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. *1×5=5*

(i) വികസനകാഴ്ചപ്പാടുകളിൽ വരുത്തേണ്ട മാറ്റം.

**അഥവാ (OR)**

(ii) കോവിഡ് കാലത്തിനുശേഷമുള്ള ജീവിതം. (കോവിഡിനുശേഷം എന്നാക്കിമാറ്റാം)

**12.** യുവാക്കളിൽ ലഹരിവസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനെതിരെ ബോധവത്ക്കരണം ഉണ്ടാക്കുന്ന വിധത്തിൽ ഒരു ലേഖനം പ്രസിദ്ധീകരിക്കണമെന്നാവശ്യപ്പെട്ട് പത്രാധിപർക്ക് കത്ത് തയ്യാറാക്കുക. *1×5=5*